# വിജയപുരം സിഡിഎസ്സിന്റെ കൊറോണ വിജയഗാഥകൾ

തയാറാക്കിയത് :

ഹിമമോൾ ജോസഫ്

ബി സി (എം. എ എസ് )

ലോകമാസകലമുള്ള  ജനങ്ങൾ കൊറോണ ഭീതിയിൽ കഴിയുമ്പോൾ സന്നദ്ധ സേവനത്തിന്റെ പുത്തൻ വാതായനങ്ങൾ  തുറക്കുകയാണ്  കുടുംബശ്രീ. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഈ സ്ത്രീ കൂട്ടായ്മ  വിത്യാസതമായ കർമ്മമണ്ഡലങ്ങളിൽ  തങ്ങളുടെതായ കൈയൊപ്പൂ  ചാർത്തുന്നു.

കമ്മ്യൂണിറ്റി കിച്ചൺ,മാസ്ക് നിർമ്മാണം,തുണി  സഞ്ചി നിർമ്മാണം, പേപ്പർ ബാഗ് നിർമാണം തുടങ്ങി സംസഥാനത്തു  ആകെ നിരവധി പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടപ്പിലാക്കിയത്

കോട്ടയം ജില്ലയിലെ വിജയപുരം സിഡിസ്സും കൊറോണാ കാലത്തെ ഇത്തരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ നൽകി. ഹോട്ട്സ്പോട്ട് പട്ടികയിൽ നീണ്ടകാലം ഉൾപ്പെട്ടിരുന്നു എങ്കിലും ഇവർ തങ്ങളാൽ കഴിയാവുന്ന തരത്തിൽ കുടുംബശ്രീയുടെ സന്നദ്ധ പ്രവർത്തനങ്ങൾക്ക് സജീവസാന്നിധ്യമായി.

കൊറോണ കാലത്തിന്റെ തുടക്കം മുതൽക്കെ അവിടുത്തെ അയൽക്കൂട്ടങ്ങൾ മാസ്ക് നിർമ്മാണത്തിൽ നന്നേ താല്പരിതരായി  മുന്നിൽ വന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പിന്തുണയോടെ രണ്ട് കമ്മ്യൂണിറ്റികൾ ഇവിടെ പ്രവർത്തിച്ചിരുന്നു. സപ്ലൈകോ സാധനങ്ങൾ സൗജന്യമായി പാക്ക് ചെയ്യാനും കുടുംബശ്രീയിലെ ചുണകുട്ടികൾ ഉത്സുകുതരാണ് .

വിജയപുരം സിഡിഎസ്സിന്റെ കൊറോണ വിജയഗതകൾ ആണ് ഇവിടെ ഉള്കൊള്ളിചിരിക്കുന്നത്

# ഉള്ളടക്കം

1.തദ്ദേശ സ്വയം ഭരണ സഥാപനം / ഗവണ്മെന്റ് - കുടുബശ്രീ പിന്തുണ

1.1 സാമൂഹിക അടുക്കള

1.2 സപ്ലൈകോ പാക്കിങ്

1.3 സിഎംഎച്ച എൽ എസ് ലോൺ

1.4 സന്നദ്ധ സേന രജിസ്റ്റർ

1.5 വിത്ത് വിതരണം

2.എ ഡി എസ് അയൽക്കൂട്ട പ്രവർത്തനങ്ങൾ

2.1 മാസ്ക് നിർമാണം

2.2 ലോൺ സംബന്ധിച്ചു വഹിച്ച പങ്കു

2.3 അഗതി രഹിത കേരളം പദ്ധതി കിറ്റ് വിതരണം

2.4 dfk/സ്നേഹിത കാളിങ് ബെൽ പരിപാലനം

2.5 തുണി സഞ്ചി നിർമ്മാണം

## 1.തദ്ദേശ സ്വയംഭരണ സ്ഥാപനം / ഗവണ്മെന്റ് - കുടുംബശ്രീ പിന്തുണ

### 1.1 സാമൂഹിക അടുക്കള

സംസ്ഥാനത്ത് പൂർണമായ ലോക്ക് ഡൌൺ നിലവിൽ  വന്നതിനെ തുടർന്ന് സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് വിവിധ കാരണങ്ങളാൽ ഭക്ഷണം ലഭ്യമാകാത്ത സാഹചര്യത്തിൽ ആണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ സാമൂഹിക അടുക്കള ആരംഭിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 29 ന് വിജയപുരം സിഡിഎസ്സിൽ കമ്മ്യൂണിറ്റി കിച്ചൺ  പ്രവർത്തനം ആരംഭിക്കുന്നത്. അന്ന് തന്നെ 178 പേർക്ക് ഭക്ഷണം എത്തിച്ചു നൽകാൻ  കുടുംബശ്രീ പ്രവർത്തകർക്കായി.

അഗതി രഹിത കേരളം പദ്ധതി യിൽ ഉൾപ്പെട്ട 74 പേർ, സ്നേഹിതാ കോളിംഗ് ബെൽ 33 ഗുണഭോക്താക്കൾ,  എന്നിവർക്കും ഭക്ഷണം എത്തിച്ചു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ സഹകരണത്തോടെ ഈ

പ്രവർത്തിച്ച സാമൂഹിക അടുക്കള ഹോട്ട്സ്പോട്ട് കാലഘട്ടം ഒഴിച്ച് സാമൂഹിക സേവനത്തിന്റെ ഉദാരത മാതൃകയാകുകയാണ്.

സന്നദ്ധ  പ്രവർത്തകർ ബാങ്കുമായി സഹകരിച്ചു 6കുടുംബശ്രീ അംഗങ്ങൾ ഭക്ഷണം പാകം ചെയ്തു നിൽകി

### 1.2 സപ്ലൈകോ പാക്കിങ്

കൊറോണ  കാലത്ത് സപ്ലൈകോ വഴി വിതരണം ചെയുന്ന  സൗജന്യ കിറ്റ് വിതരണത്തിലും വിജയപുരം സിഡിഎസ്സിലെ 7മുതൽ 9വരെ  അംഗങ്ങൾ പങ്കാളിയായി.

ഉഴുന്ന്, ചെറുപയര്, കടല, വെളിച്ചെണ്ണ, കടുക്, ഉലുവ, ആട്ടപ്പൊടി, അലക്കു സോപ്പ്, ബാത്ത് സോപ്പ് ,ഉപ്പ്, ഗോതമ്പു നുറുക്ക്, പഞ്ചസാര, സണ് ഫ്ലവര് ഓയില്, ചായപ്പൊടി, മുളക് പൊടി, മഞ്ഞള്പ്പൊടി ,മല്ലിപ്പൊടി  തുടങ്ങിയ 17 ഇനം സാധനങ്ങളാണ്  കിറ്റിലുള്ളത്. സി.ഡി.എസ് കുടുംബശ്രീ പ്രവര്ത്തകരും സപ്ലൈകോ ജീവനക്കാരും ചേര്ന്നാണ് ഭക്ഷ്യ സാധനങ്ങള് പാക്ക് ചെയ്യുന്നത്.

ലോക്ക്ഡൗണ് മൂലം ഉണ്ടാകുന്ന തൊഴില് നഷ്ടത്തെ തുടര്ന്ന് വരുമാനം നിലച്ചുപോയ കുടുംബങ്ങളിലെ കുടുംബശ്രീ അംഗങ്ങള്ക്ക് മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ. കുടുംബശ്രീ അയല്ക്കൂട്ട വായ്പയായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. എ ഡി എസ്, സിഡിഎസ്, അയൽക്കൂട്ടങ്ങൾ എന്നിവരുടെ നിതാന്ത പരിശ്രമത്തിലുട 118 ഗ്രൂപ്പുകളിലായി 1143 പേർക്ക് വയ്പ് ലഭ്യമാക്കാൻ സാധിച്ചു.

സിഡിഎസ്സിൽ ലഭിച്ച എല്ലാ അപേക്ഷയും ബാങ്കിൽ കൊടുക്കാൻ കഴിഞ്ഞു. 70അയൽക്കൂട്ടങ്ങളിലായി 168 പേർക്ക് 895000 രൂപ ബാങ്ക് വയ്പ് നൽകി കഴിഞ്ഞു.

## 1.4 സന്നദ്ധ സേന രജിസ്ട്രേഷൻ

കേരളം അപ്രതീക്ഷിതമായി നേരിടേണ്ടി വരുന്ന പ്രകൃതിദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ ദുരന്തനിവാരണ രംഗത്ത് സേവന സന്നദ്ധരായെത്തുന്ന ഒരു സേനയെ വാർത്തെടുക്കുക എന്നത്  ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച സന്നദ്ധ സേനയിലേക്കുള്ള വോളന്റിയർ രജിസ്ട്രേഷൻ വിജയപുരം സിഡി എസ് 60 അംഗങ്ങൾ ചേർന്നു.

## 1.5 വിത്ത് ബാങ്ക്

ഈ കൊറോണ കാലത്ത് കൃഷിയെ പ്രോത്സാഹിപ്പിക്കാൻ കൃഷിഭവനുമായി ചേർന്ന് 200 അയൽക്കൂട്ട അംഗങ്ങൾക്ക് വിത്തുകൾ വിതരണം  നടത്തുകയും ക്ലസ്റ്റർ കോഡിനേറ്റർ മാരുടെയും മറ്റ് കൃഷിഭവൻ ഉദ്യോഗസ്ഥരുടെയും സഹായത്തോടെ കൃഷി അറിവുകളും പങ്കുവെച്ച് നൽകുകയും ചെയ്തു. ഇതുവഴി കൃഷിയുടെ പുത്തൻ അധ്യായങ്ങൾ തുറക്കുവാനും അതുവഴി കൂടുതൽ ജെ എൽ ജി  ഗ്രൂപ്പുകൾ രൂപീകരിക്കാനും ഉതകുമെന്ന കുടുംബശ്രീ വിജയപുരം സിഡി എസ് പ്രതീക്ഷിക്കുന്നു.

## 2. എഡിഎസ് അയൽക്കൂട്ട പ്രവർത്തനങ്ങൾ

### 2.1 മാസ്ക് നിർമ്മാണം

കൊറോണ രോഗത്തിന്റെ തുടക്കം മുതൽക്കേ മാസ്ക് നിർമാണത്തിൽ സജീവ പങ്കാളിത്തം വഹിച്ചു കൊണ്ടാണ് വിജയപുരം മുന്നിട്ടു നിന്നത്.സിഡി എസ് മെമ്പർമാരുടെയും എഡി എസ് അയൽക്കൂട്ടങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ മാസത്തിൽ നിർമ്മാണമാണ് ഇവിടെ പുരോഗമിച്ചു കൊണ്ടിരിക്കുന്നത്.നാല് വാർഡുകൾ സീഡിയസ് മെമ്പർമാർ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ എല്ലാം അംഗങ്ങൾക്കും മാസ്ക് നിർമിച്ചുനൽകി.

കൂടാതെ എല്ലാ വാർഡിലും പഞ്ചായത്ത്മെമ്പർമാർ സിഡിഎസ്സ് അംഗങ്ങൾ എന്നിവരുമായി ചേർന്നുകൊണ്ട് എല്ലാ വീടുകളും കുടുംബശ്രീ അംഗങ്ങളെ കൊണ്ട് മാസ്റ്റർ നിർമ്മിച്ചു നൽകി. കൂടാതെ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാർ ജനപ്രതിനിധികൾ എന്നിവർക്കും സൗജന്യനിരക്കിൽ ഇവിടെനിന്ന് കുടുംബശ്രീ മാസ്റ്റർ നിർമ്മിച്ചു നൽകുന്നു. ഹോട്ട് സ്പോട് കാലത്തും ഇവിടെ മാസ്ക് നിർമാണം സുരക്ഷ മുകരുതലുകൾ പാലിച്ചികൊണ്ടു തകൃതിയായി തന്നെ മുന്നേറി.

പഞ്ചായത്തിലെയും കുടുംബശ്രീയുടെയും കൂട്ടായ പ്രവർത്തനത്തിന് ഉത്തമ മാതൃകയായി ഈ പ്രവർത്തി പ്രവർത്തനത്തെ വിശേഷിപ്പിക്കാൻ ആകും.

### 2.2 ലോൺ സംബന്ധിച്ച് വഹിച്ച പങ്ക്.

ഹോട്ട്സ്പോട്ട് കാലത്തും കുടുംബശ്രീ നടപ്പിലാക്കുന്നു മുഖ്യമന്ത്രിയുടെ സഹായ വായ്പ പദ്ധതി അപേക്ഷകളുടെ സ്വീകരണവും തിരുത്തലും സമയത്ത് എത്തിക്കുന്നതിനും സി ഡി എസ്, ഏ ഡി എസ്, വഹിച്ച പങ്ക് നിസീമമാണ്

### 2.3 അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കളുടെ കിറ്റ് വിതരണം

അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 74 അംഗങ്ങൾക്കും 7 സീരിയസ് അംഗങ്ങളുടെയും ഏ ഡി എസ് പ്രതിനിധികളുടെ നേതൃത്വത്തിൽ ഭക്ഷണ കിറ്റ്

വിതരണം ചെയ്തു. കുറവ് കാലത്തിന്റെ ബുദ്ധിമുട്ടുകളെ അതിജീവിച്ച് സിഡിഎസ് അംഗങ്ങൾ  നടത്തിയ യഥാർത്ഥ സേവനത്തിന് മാതൃകയാണ് പ്രവർത്തനം.

## 2.4 അഗതി രഹിത കേരളം പദ്ധതി/ സ്നേഹിത കോളിംഗ് ഗുണഭോക്താക്കളുടെ പരിപാലനം

അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 74 അംഗങ്ങൾ സ്നേഹിത കോളിംഗ് ബെൽ ഉൾപ്പെട്ട 30 പേർ എന്നിവരെ cds അംഗങ്ങൾ നിരന്തരം അന്വേഷിച്ച് അവരുടെ ക്ഷേമം ഉറപ്പു വരുത്തിയിരുന്നു. കൂടാതെ വയോജന അയൽക്കൂട്ടത്തിലെ വയോധികരെ ഫോൺ വഴി ബന്ധപ്പെട്ട അവർക്ക് തങ്ങളാൽ കഴിയുന്ന സഹായങ്ങളും ചെയ്തുപോരുന്നു.

അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഇവർക്ക് ആവശ്യമായ ഇവർക്കാവശ്യമായ ഇവർക്ക് ആവശ്യമായ കിറ്റുകൾ വിതരണം ചെയ്യുവാനും ഇവർ വഹിച്ച പങ്ക് മറക്കാൻ പറ്റുന്നതല്ല

കൊറോണ കെടുതിയിൽ സംസ്ഥാന വലയും പോഴും കുടുംബശ്രീ ജില്ലാമിഷൻ, പഞ്ചായത്ത്, സർക്കാർ നിർദ്ദേശാനുസരണം തങ്ങളാൽ കഴിയാവുന്ന ജീവിതത്തിലെ പ്രവർത്തനങ്ങളാണ് പ്രവർത്തനങ്ങളാണ് ഇവർ നടപ്പിലാക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ചുരുക്ക രൂപം മാത്രമേ പ്രചരിപ്പിക്കാനും ഇതിലൂടെ ഒരു ആദ്യം ആയിട്ടുള്ളൂ. എന്നിരുന്നാലും ഇവ തയ്യാറാക്കാൻ സഹായിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.